പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 813 03.12.2014 - ൽ മറുപടിക്ക്

## നഴ്സിംഗ് രജിസ്ട്രേഷൻ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. മോൻസ് ജോസഫ്** | **ശ്രീ. വി.എസ്. ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് നഴ്സിംഗ് രജിസ്ട്രേഷന് സർക്കാർ ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന പുതിയ നടപടിക്രമങ്ങൾ വ്യക്തമാക്കുമോ ; | എ) | ഇപ്പോൾ, നഴ്സിംഗ് മേഖലയിൽ യോഗ്യത നേടിയവർ കേരള നഴ്സസ് ആന്റ് മിഡ് വൈവ്സ് കൗൺസിൽ രജിസ്ട്രേഷനു വേണ്ടി ഓൺലൈൻ സംവിധാനം മുഖാന്തിരമാണ് രജിസ്ട്രേഷൻ നടത്തേണ്ടത്. ലോകത്ത് എവിടെ നിന്നും രജിസ്ട്രേഷൻ നടത്താവുന്നതാണ്. രജിസ്ട്രേഷനു വേണ്ടി നിശ്ചയിച്ചിട്ടുള്ള ഫീസ്, നെറ്റ് ബാങ്ക്/കമ്പ്യൂട്ടർ ജനറേറ്റർ ചെലാൻ എന്നിവ മുഖാന്തിരം ഒടുക്കാവുന്നതാണ്. ഓൺലൈൻ രജിസ്ട്രേഷൻ നടത്തി ലഭിക്കുന്ന പ്രിന്റൗട്ടും ബന്ധപ്പെട്ട രേഖകളുടെ പകർപ്പും കേരള നഴ്സസ് ആന്റ് മിഡ് വൈവ്സ് കൗൺസിൽ ആഫീസിൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധന നടത്തിയ ശേഷം ബന്ധപ്പെട്ടവർക്ക് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതാണ് നിലവിലുള്ള നടപടിക്രമങ്ങൾ. |
| ബി) | അന്യസംസ്ഥാനത്ത് പഠിച്ചവരും അവിടങ്ങളിൽ രജിസ്റ്റർ ചെയ്യുവരുമായ നഴ്സിംഗ് വിദ്യാർത്ഥികൾക്ക് വീണ്ടും സ്വന്തം സ്റ്റേറ്റിൽ രജിസ്റ്റർ ചെയ്യണം എന്ന വ്യവസ്ഥയുടെ ആവശ്യം വ്യക്തമാക്കുമോ ; | ബി) | സ്വന്തം സംസ്ഥാനത്തെ സർക്കാർ/ സ്വകാര്യ നഴ്സിംഗ് മേഖലയിൽ സേവനമനുഷ്ഠിക്കുന്നതിന് അതാത് സംസ്ഥാനത്തെ നഴ്സിംഗ് കൗൺസിൽ രജിസ്ട്രേഷൻ അനിവാര്യമാണ്. |
| സി) | വിദേശത്ത് ജോലി നോക്കുന്ന നഴ്സുമാർക്ക് രണ്ടുതരം രജിസ്ട്രേഷന്റെ പേരിൽ കാലതാമസവും ജോലി ചെയ്യുന്നതിന് തടസ്സവും നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ രജിസ്ട്രേഷൻ നടപടിക്രമങ്ങൾ ലഘൂകരിക്കുവാൻ ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കുമോ ; | സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| ഡി | പുതിയ നഴ്സിംഗ് രജിസ്ട്രേഷൻ വ്യവസ്ഥയ്ക്ക് മുമ്പെ പഠിച്ചിറങ്ങിയവർക്ക് രജിസ്ട്രേഷനിൽ എന്തെങ്കിലും ഇളവ് നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ ? | ഡി | ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ/കേരള നഴ്സസ് ആന്റ് മിഡ് വൈവ്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും നഴ്സിംഗ് മേഖലയിൽ യോഗ്യത നേടി അപേക്ഷിക്കുന്നവർക്കെല്ലാവർക്കും തന്നെ കേരള നഴ്സസ് ആന്റ് മിഡ് വൈവ്സ് കൗൺസിലിൽ നിന്നും രജിസ്ട്രേഷൻ നൽകുന്നുണ്ട്. ആയതിനാൽ വ്യവസ്ഥകൾക്ക് ഇളവനുവദിക്കേണ്ട ആവശ്യം ഉദിക്കുന്നില്ല. |
| | | | |

**സെക്ഷൻ ഓഫീസർ**